(5) ശബരിമലയിലും പമ്പയിലുമുള്ള ഖരമാലിന്യങ്ങൾ ശേഖരിക്കുവാനും നിർമ്മാർജ്ജനം ചെയ്യുവാനുമുള്ള പ്രവർത്തികൾ.

(6) ശബരിമലയിലും പമ്പയിലും നിലവിലുള്ള ഓടകൾ വേർതിരിച്ച് പുതിയവ സ്ഥാപിക്കൽ.

(7) ശബരിമലയിലും പമ്പയിലും മൊബൈൽ ലാട്രിൻസ് സ്ഥാപിക്കൽ.

(8) പമ്പയിലുള്ള കാക്കത്തോടിനും ഉരക്കുഴിതീർത്ഥത്തിനും കുറുകെ സ്വീവേജ് ഇന്റർ സെപ്ഷൻ ബാരിയർ സ്ഥാപിക്കൽ.

(9) പമ്പാ നദിയിലും കക്കി നദിയിലും സ്റ്റോറേജ് വിയേഴ്സ് സ്ഥാപിക്കലും അനുബന്ധ ജോലികളും.

(10) ആറാട്ടുകടവിൽ കുളിക്കടവിനു താഴെയായി അണ കെട്ടി ഞുണുങ്ങാർ നദിയിൽകൂടി പമ്പാനദിയിലെ കുളിക്കടവിൽ പ്രവേശിക്കുന്ന മാലിന്യങ്ങൾ തടയുക.

(11) പമ്പാ നദിയിൽ നിലവിലുള്ള സ്നാനഘട്ടത്തിന് ഇടതുവശത്തായി പുതിയ സ്നാനഘട്ടവും അനുബന്ധ പണികളും നടത്തുക.

(ഡി) 2003 മുതൽ 4 വർഷക്കാലയളവിനുള്ളിൽ.

വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി

54 [3195] പ്രൊഫസർ സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998 മുതൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിന് വാട്ടർ അതോറിറ്റിക്ക് പണം കിട്ടുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി 1998 മുതൽ ജില്ലകൾ തോറും ലക്ഷങ്ങൾ അനുവദിക്കപ്പെടുമ്പോൾ റവന്യൂ അധികൃതർക്ക് പ്രസ്തുത തുക ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാദ്ധ്യമാവുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പ്രശ്നത്തിൽ എന്തു നിലപാടാണ് സർക്കാർ കൈക്കൊള്ളുക എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റവന്യൂ വകുപ്പ് വരൾച്ചാ ദുരിതാശ്വാസത്തിനായി തുക അനുവദിക്കുന്നത് ജില്ലാ കലക്ടർമാർക്കാണ്. അത് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly